(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിച്ചപ്പോൾ കിന്റലിന് 700 രൂപ നിരക്കിൽ നെല്ലിന്റെ വില നൽകിയിട്ടുണ്ട്. കൂടാതെ കൃഷിക്കാരുടെ സംഘങ്ങളോ, പാടശേഖര സമിതികളോ പല കൃഷിക്കാരുടെ നെല്ല് ഒരു സ്ഥലത്ത് സൂക്ഷിച്ച് വച്ച് സംഭരണത്തെ സഹായിച്ചിട്ടുണ്ടെങ്കിൽ സ്റ്റോറേജ് ചാർജായി കിന്റലിന് 7 രൂപ അധികമായി അത്തരം പാടശേഖര സമിതികളിലെ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭ നഷ്ടങ്ങൾ

132 [1259] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മുതൽ 2006 വരെയുള്ള ഓരോ വർഷവും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതേ കാലയളവിൽ ഉയർന്ന വിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം ഉണ്ടായ നഷ്ടം എത്രയാണെന്ന് പറയാമോ ;

(ഡി) 2002-ലും 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷനുണ്ടായ നഷ്ടം എത്രയാണ് ; എത്ര തുകയുടെ നഷ്ടമാണ് പ്രസ്തുത വർഷങ്ങളിലുണ്ടായിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2004-2005-ലെയും 2005-2006-ലെയും ലാഭ നഷ്ട കണക്കുകൾ, ആഡിറ്റ് പൂർത്തിയായ ശേഷമേ അറിയുവാൻ സാധിക്കുകയുള്ളു.

(ബി)

വർഷം	*തുക (കോടിയിൽ)*
2001-2002	52.67
2002-2003	48.55
2003-2004	78.45

2004-2005-ലെയും 2005-2006-ലെയും കണക്കുകളുടെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

(സി) 96.70 കോടി രൂപ 2001 മുതൽ 2004 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം വന്നിട്ടുണ്ട്.

(ഡി) ഈ കാലയളവിലെ പർച്ചേസ് ഫയലുകൾ ജുഡീഷ്യൽ എൻക്വയറി കമ്മീഷന് കൈമാറ്റം ചെയ്തതിനാൽ, 2002-ലും 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം പ്രത്യേകം കണക്കാക്കുവാൻ പ്രസ്തുത ഫയലുകൾ തിരികെ ലഭിച്ചതിന് ശേഷമേ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly